LIBRARY ARCHIVES Kerala Legislative Assembly

കലാകാരൻമാർക്കായി സഹകരണ സംഘം

10(*38) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിലെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കലയുമായി ബന്ധപ്പെട്ട ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത സഹകരണ സംഘത്തിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്നും എല്ലാ വിഭാഗം കലാകാരൻമാർക്കുമായി ഒരു സഹകരണ സംഘമാണോ വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെ എല്ലാ കലാകാരൻമാരുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് ടി കലാകാരൻമാർക്ക് സ്ഥിരംവേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികളുടെ വിപണനം പ്രസ്തുത സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുമോ?

കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികൾ അവതരിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണമേഖലയുടെ വിശാലമായ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥിരംവേദി കണ്ടെത്തുന്നത് സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ധസമിതിയെ നിയോഗിക്കാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല.